**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1683** **11-10-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ വനിതാ കോളേജിലെ ഗ്രൗണ്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ വനിതാ കോളേജിലെ സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | (എ) | **2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കണ്ണൂർ കൃഷ്ണ മേനോൻ മെമ്മോറിയൽ ഗവൺമെന്റ് വുമൺസ് കോളേജിലെ സ്റ്റേഡിയം നിർമ്മാണ പ്രവർത്തിക്കായി 5.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയ്ക്കായി ടോട്ടൽ സ്റ്റേഷൻ സർവ്വേയും,സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും,ഹോസ്റ്റൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ ഉൾപ്പെടെ പൂർത്തീകരിച്ച് 478.45 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.തുടർന്ന് പ്രവൃത്തിയുടെ ടെൻഡർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s. പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി,കണ്ണൂർ എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും,കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; | (ബി) | **മറുപടി എ പിരിവിൽ നൽകിയിരിക്കുന്നു.** |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയുള്ളതെന്ന് വിശദമാക്കുമോ? | (സി) | **പ്രസ്തുത പ്രവൃത്തിയിൽ പ്രധാനമായും ഹോസ്റ്റൽ കെട്ടിടം, നീന്തൽക്കുളം, മഡ് കോർട്ട്,പ്രാക്ടീസ് ക്രിക്കറ്റ് പിച്ച്, ഡ്രെയിൻ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ